"ഭരണഭാഷ- മാതൃഭാഷ"

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ : അനുപമ.റ്റി.വി I.A.S )**

വിഷയം – വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – ഹെഡ് അക്കൌണ്ടന്റ് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം – അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്-

പരാമർശം : 1. വനിത ശിശുവികസന ഡയറക്ടറുടെ 13/10/2020 തിയതിയിലെ WCD-E8/6975/2020 നമ്പർ ഉത്തരവ്.

2. വനിത ശിശുവികസന ഡയറക്ടറുടെ 15/02/2021 തിയതിയിലെ WCD-E7/12232/2020 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ : WCD-E7/13023/20 തീയതി : 16/02/2021**

വനിതാ ശിശു വികസന വകുപ്പിൽ പരാമർശം(2) ഉത്തരവ് പ്രകാരം ഹെഡ് അക്കൌണ്ടന്റ് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചതു മുഖേന ഹെഡ് അക്കൌണ്ടന്റ് തസ്തികയിൽ മൂന്ന് ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകളിലേക്ക് പരാമർശം (1) പ്രകാരമുള്ള സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ മുൻഗണനാ പട്ടിക അനുസരിച്ച് മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെടുന്ന ക്രമ നമ്പർ 10 മുതൽ ക്രമനമ്പർ 12 വരെയുള്ള ജീവനക്കാർക്ക് ഹെഡ് അക്കൌണ്ടന്റ് തസ്തികയിലേക്ക് സ്ഥാനക്കയററത്തിന് അർഹതയുണ്ട്.

ക്രമ നമ്പർ 10) ശ്രീമതി.ബിന്ദുകുമാരി.ജി

ക്രമ നമ്പർ 11) ശ്രീ. ശിവകുമാർ.ആർ

ക്രമ നമ്പർ 12) ശ്രീമതി.സുനിലാദേവി.ഡി

ഈ സാഹചര്യത്തിൽ ടി ജീവനക്കാരെ KS&SSR ചട്ടം 28A(i) പ്രകാരം 27800-59400 രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൌണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ ഹെഡ് അക്കൌണ്ടന്റ് തസ്തികയിലെ ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഹെഡ് അക്കൌണ്ടന്റ് സ്ഥലം മാറ്റം**

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥലം മാറ്റം നൽകുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.ദീപകുമാരി.എസ്, ഹെഡ് അക്കൌണ്ടന്റ് വനിതാ ശിശുവികസന ഡയറക്ടറേറ്റ് | ഹെഡ് അക്കൌണ്ടന്റ് ,ഐ.സി.ഡി.എസ് കൊട്ടാരക്കര |
| 2 | ശ്രീ.ഫൈസൽ തച്ചരുപടിക്കൽ, ഹെഡ് അക്കൌണ്ടന്റ് ഐ.സി.ഡി.എസ് തിരൂർ | ഹെഡ് അക്കൌണ്ടന്റ് ,ഐ.സി.ഡി.എസ് അരീക്കോട് അഡീഷണൽ |

## ഹെഡ് അക്കൌണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.ബിന്ദുകുമാരി.ജി, സീനിയർ ക്ലർക്ക് ഐ.സി.ഡി.എസ് വർക്കല അഡീഷണൽ | ഹെഡ് അക്കൌണ്ടന്റ് ,വനിതാ ശിശുവികസന ഡയറക്ടറേറ്റ് |
| 2 | ശ്രീ. ശിവകുമാർ.ആർ, സീനിയർ ക്ലർക്ക് ജില്ലാവനിതാശിശുവികസനഓഫീസ്, എറണാകുളം | ഹെഡ് അക്കൌണ്ടന്റ് ,ഐ.സി.ഡി.എസ് തിരൂർ |
| 3 | ശ്രീമതി.സുനിലാദേവി.ഡി ഐ.സി.ഡി.എസ് കിളിമാനൂർ അഡീഷണൽ | ഹെഡ് അക്കൌണ്ടന്റ് ,വനിതാ ശിശുവികസന ഡയറക്ടറേറ്റ് |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ജീവനക്കാർക്ക് നിയമാനുസൃത യാത്രാബത്തയ്ക്കും, പ്രവേശന കാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ്:

1. ഡയറക്ടറുടെ സി.എ
2. ബന്ധപ്പെട്ട കാര്യാലയ മേധാവിമാർക്ക്
3. ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക്
4. ജില്ലാ പ്രോഗ്രാം ഓഫീസർമാർ
5. ഡയറക്ടറേറ്റിലെ യൂണിറ്റ് ഓഫീസർമാർ
6. E1 മുതൽ E9 വരെ സെക്ഷനുകൾ
7. സ്റ്റോക്ക് ഫയൽ / സ്പെയർ

**ഉത്തരവിൻ പ്രകാരം**

Suvidh

**സൂപ്രണ്ട്**